**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3837** **27-10-2021 - ൽ മറുപടിയ്ക്ക്**

**ഹോംനേഴ്സിംഗ് ഏജൻസികളിലെ വ്യാജന്മാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഹോംനേഴ്സിംഗ് ഏജന്റ് മേഖലയിലെ വ്യാജന്മാരേയും യോഗ്യത ഇല്ലാത്തവരെ നിയമിച്ച് ഏജൻസികൾ പണം കൈപ്പറ്റുന്നതുൾപ്പെടെയുള്ള തട്ടിപ്പുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഹോംനേഴ്സ് - ജനറൽ ഡ്യൂട്ടി ഉൾപ്പെടെ തൊഴിൽ മേഖലയിൽ രജിസ്റ്റർ ചെയ്തവരും അല്ലാത്തവരുമായ എത്ര ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട് എന്നും എത്രപേർ ഈ തൊഴിലിൽ ഏർപ്പെട്ടുവരുന്നുണ്ട് എന്നും വ്യക്തമാക്കുമോ ; | (ബി) | 59 രജിസ്റ്റേഡ് ഹോംനഴ്സ് എജൻസികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 1127 പേർ പ്രവർത്തിയെടുത്തുവരുന്നു. |
| (സി) | പ്രസ്തുത മേഖലയിലെ തട്ടിപ്പുകളും മറ്റു നിയമവിരുദ്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ; | (സി) | 2020 ൽ ഇതു സംബന്ധിച്ച് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത മേഖലയിലെ പ്രവർത്തനങ്ങൾ കുറ്റമറ്റതും നിയമവിധേയവും ആക്കാനും കുറ്റക്കാർക്കെതിരെ കർക്കശ നിയമനടപടി ഉറപ്പുവരുത്താനുമുള്ള നിയമ നിർമ്മാണത്തിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിനായി എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | നിലവിലുള്ള നിയമങ്ങൾ നടപടി സ്വീകരിക്കുന്നതിന് പര്യാപ്തമാണ്. |

സെക്ഷൻ ഓഫീസർ